പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

15.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1634

## പദ്ധതി ചെലവ്

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| എ) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം 31.12.2015 വരെ ചെലവഴിച്ചിട്ടുണ്ട്; | എ) 31.12.2015 വരെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിന്റെ 28.68% തുക ചെലവഴിച്ചിട്ടുണ്ട്. |
| ബി) നടപ്പു സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ മുഴുവൻ തുകയും ചെലവഴിക്കുന്നതിന് കഴിയുമോയെന്നറിയിക്കുമോ; | ബി) ചെലവഴിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| സി) പുതിയ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ, അംഗങ്ങൾ എന്നിവർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ടോ ; | സി) പദ്ധതി രൂപീകരണം, നിർവ്വഹണം എന്നീ വിഷയങ്ങളിൽ കിലയുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർക്കും അംഗങ്ങൾക്കും സമയ ബന്ധിതമായി 2 ദിവസത്തെ പരിശീലനം നൽകിക്കഴിഞ്ഞു. |
| ഡി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) എല്ലാ ആഴ്ചകളിലും നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും എന്തെങ്കിലും തടസ്സമുള്ള പക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു വരുന്നു. കൂടാതെ, മേഖലാ തലത്തിൽ നടക്കുന്ന പദ്ധതി അവലോകന യോഗത്തിലും വകുപ്പുകളുടെ പ്രതിമാസ അവലോകന യോഗത്തിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. |

Liya

സെക്ഷൻ ഓഫീസർ